പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 135 10-12-2012 -ൽ മറുപടിക്ക്.

## കള്ള് ഉല്പാദനവും വില്പനയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എസ്. രാജേന്ദ്രൻ | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കള്ള് ഉൽപ്പാദനവും വില്പനയും നിരോധിക്കാൻ ഏതെങ്കിലും രാഷ്ട്രീയ പാർട്ടി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഏത് രാഷ്ട്രീയ പാർട്ടിയാണ്; ഈ ആവശ്യം അംഗീകരിക്കുമോ; | (എ) ഇല്ല. |
| (ബി) ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ കള്ള് ഉല്പാദനം സംബന്ധിച്ച ശുപാർശകൾ എന്തെല്ലാമാണ്; ഇവയിൽ ഇനിയും നടപ്പിലാക്കിയിട്ടില്ലാത്തവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) ശുപാർശകൾ, താഴെ പറയും പ്രകാരമാണ്.<br>1. കള്ളിന്റെ ഉല്പാദന വിതരണ ചുമതല ചെത്തു തൊഴിലാളികളുടെ സഹകരണ സംഘങ്ങൾക്കായിരിക്കണം. ഇവ താലൂക്കടിസ്ഥാനത്തിൽ ആവാം. ഇവയ്ക്കെല്ലാം ധന സഹായം ചെയ്യുന്നതിനും മാർഗ്ഗ നിർദ്ദേശം നല്കുന്നതിനും ഒരു കേന്ദ്ര സംഘം ഉണ്ടായിരിക്കണം.<br>2. കേന്ദ്ര സൊസൈറ്റിക്ക് കള്ള് കേടുകൂടാതെ കുപ്പിയിൽ അടച്ച് സൂക്ഷിക്കുന്നതിനുള്ള ഗവേഷണവും, കയറ്റുമതി ചെയ്യുന്നതിനുള്ള അന്വേഷണവും നടത്താവുന്നതാണ്.<br>3. ചാരായത്തിന്റെയും കഠിനമായ മദ്യത്തിന്റെയും ഉപഭോഗത്തിൽ നിന്ന്, താരതമ്യേന നിർദോഷമായ കള്ളിന്റെ ഉപഭോഗത്തിലേയ്ക്ക് ആളുകളെ തിരിച്ചു കൊണ്ടു വരുന്നതിന് കള്ളുഷാപ്പുകൾ വെടിപ്പും വൃത്തിയും ഉള്ള ഫർണിഷ്ഡ് സ്ഥലങ്ങളിലാക്കണം. സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന സൗകര്യങ്ങളുള്ള സ്ഥലത്തെ കള്ളുഷാപ്പും ചാരായഷാപ്പും അനുവദിക്കാവൂ എന്ന് വ്യവസ്ഥ ചെയ്യണം. ക്രമേണ ഷാപ്പ് കെട്ടിടങ്ങൾ സർക്കാർ തന്നെ നിർമ്മിച്ചു കൊടുക്കുന്ന സംവിധാനം ഉണ്ടാക്കുകയും. സർക്കാർ നല്കുന്ന കെട്ടിടത്തിലേ ഷാപ്പുകൾ നടത്താവൂ എന്ന വ്യവസ്ഥയുണ്ടാക്കുകയും വേണം.<br>4. കള്ള്, ഡീപ്പ് ഫ്രീസറിൽ സൂക്ഷിക്കുന്നത് കൂടുതൽ പുളിക്കാതെയും ലഹരിക്കാതെയും ഇരിക്കുന്നതിനും, സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനും സഹായിക്കും. ആകയാൽ ഡീപ്പ് ഫ്രീസറിനുള്ള സജ്ജീകരണം ഉണ്ടാക്കണം.<br>5. നീര, പുളിച്ച കള്ളിൽ നിന്ന് പുളിക്കാത്ത മധുരക്കള്ളിലേക്ക് ആളുകളുടെ അഭിരുചി പരിണമിപ്പിച്ചെടുക്കുവാനുള്ള പ്രോൽസാഹനം നല്കണം. കുപ്പിയിൽ അടച്ച് ഡീപ്പ് ഫ്രീസറിൽ വച്ച് നല്കുന്ന കള്ളിന് പ്രിയം വർദ്ധിക്കാനുള്ള എല്ലാ സാദ്ധ്യതകളും ഉണ്ട്. ഇത് ഒരു വിധത്തിലും തൊഴിലിനെ പ്രതികൂലമായി ബാധിക്കുകയില്ല. അനുകൂലമായി സഹായിക്കുകയും ചെയ്യും. ഇതിന് നീര കോ-ഓപ്പറേറ്റീവ് തന്നെ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. നടപ്പിലാക്കാത്ത ശുപാർശകൾ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ